little KITEs

SANTA CRUZ H S
OCHANTHURUTH

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



പൊതു വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താനായി ആവിഷ്കരിച്ചാണ് ലിറ്റിൽ കൈറ്റ്സ് പദ്ധതി .വിദ്യാർത്ഥികൾ അംഗങ്ങളായുള്ള കൈറ്റിന്റെ ക്ലബാണ് ലിറ്റിൽ കൈറ്റ്സ് . ആനിമേഷൻ , സൈബർ സുരക്ഷ ,മലയാളം കമ്പ്യൂട്ടിംഗ് , ഹാർഡ് വെയർ ,ഇലക് ട്രോണിക്സ് എന്നീ മേഖലകളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം ലഭിക്കുന്നു .

***ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആദ്യസംരംഭമായ വരമൊഴി എന്ന ഡിജിറ്റിൽ മാഗസിൻ എളിമയോടെ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു***

## ആശംസ

വിവരസങ്കേതിക വിദ്യയുടെ വിസ്മയങ്ങളിലൂടെ വിദ്യാർത്ഥികളെ കൈപ്പിടിച്ച നയിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുമാറാക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന വരമൊഴി എന്ന ഡിജിറ്റൽ മാഗസിന് മംഗളമേകുന്നു .

ജെർട്രൂഡ് എം. എസ്

ഹെഡ്മിസ്ട്രസ്

ആശംസ

വിദ്യാർത്ഥികളിലെ എല്ലാ കഴിവുകളും പരിപോഷിപ്പികുന്നതിനായി വിദ്യാഭ്യാസ സംരക്ഷണ യജ്ഞനത്തിന്റെ ഭാഗമായി വിവരസങ്കേതിക വിദ്യയക്ക് പ്രാധാന്യം നൽകി ആരംഭിച്ച എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകളേകുന്നതിനൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുഞ്ഞുമക്കൾ ചെയ്ത കൊച്ചു കൊച്ചു പ്രവർത്തനങ്ങളുടെ സമാഹാരമായ വരമൊഴി എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ അഭിനന്ദനമേകുന്നു ..

രാജേഷ് എടലങ്ങാട്

പി.ടി.എ പ്രസിഡന്റ്

## ഉള്ളടക്കം

1.അതു ബുദ്ധിയല്ല
2.കടംകഥകൾ
3.പ്രത്യാശയുടെ ഉയരം
4.കാട്ടുപന്നിയും ചില വെടിയൊച്ചകളും
5.പാരിൻ നന്മയ്ക്കത്രേ.......
6. തുടിതാളം തേടി......
7.ചെറുശ്ശേരി
8.നാരായണൻ
9.അർഥങ്ങൾ
10.കവിത –മതിലേരിക്കന്നി
11.അഥേ പ്രാർഥന
12.വിഷരഹിത പച്ചക്കറിക്കായി ജീവനി പദ്ധതി

## അതു ബുദ്ധിയല്ല

പുഴവക്കിൽ താമസിച്ചിരുന്ന കാട്ടുപന്നിയും കാട്ടുകുതിരയും തമ്മിൽ എന്നും കലഹമായിരുന്നു. കുതിര വേട്ടക്കാരൻ്റ സഹായം തേടി. അയാളൊരു വ്യവസ്ഥ വച്ചു - കുതിരയെ നിയന്ത്രിക്കാൻ കടിഞ്ഞാണിടുകയും പുറത്തിരിക്കാൻ ജീനിയിടുകയും വേണം. കുതിര സമ്മതിച്ചു.

കുതിരപ്പുറത്തു കയറി വേട്ടക്കാരൻ ഒറ്റ അൻപുകൊണ്ട് പന്നിയുടെ കഥകഴിച്ചു. നന്ദിയോടെ കുതിര പറഞ്ഞു - ഇനി കടിഞ്ഞാണും ജീനിയും അഴിക്കു. എനിക്കു പോകണം. വേട്ടക്കാരൻ പറഞ്ഞു, ഞാനല്ലേ നിൻ്റ ശത്രുവിനെ വകവരുത്തിയത്. ഇനി എന്നോടൊപ്പം കഴിഞ്ഞാൽ മതി. അയാൾ കുതിരയെ ലയത്തിൽ കെട്ടി ഉണക്കപ്പുല്ലും വെള്ളവും കൊടുത്തു. ശത്രുവിനെ യുദ്ധംചെയ്തു തോൽപിക്കാം ,അടിമയാക്കിയവനെ എന്തുചെയ്യും എല്ലാ ശത്രുക്കളെയും വകവരുത്തേണ്ട ആവശ്യമില്ല. നിലവാരമുള്ള ശത്രുക്കളെ നിലനിർത്തുകതന്നെ ഒരു കലയാണ്. പ്രതികൂലിക്കാൻ ഒരാളുണ്ടെങ്കിൽ കർമമണ്ഡലം കുറെക്കൂടി മേന്മയുള്ളതാകും. എല്ലാ എതിർപ്പുകളെയും ആക്രമിച്ചു തോൽപിച്ച് സമയം

***പാഴാക്കുന്നതിനെക്കാൾ, പല തടസ്സങ്ങളും മുൻകൂട്ടിക്കണ്ടു കരുതലെടുക്കുന്നതും അല്ലാത്തവയെ അതിജീവിച്ച വൈദഗ്ധ്യം നേടുന്നതുമാണ് യഥാർഥ മികവ്. അവഗണിക്കേണ്ട എതിരാളികളെ ഇല്ലാതാക്കാൻ വേണ്ടി സമയവും വൈഭവവും ഉപയോഗിക്കുന്നതാണ് ഏറ്റവും വലിയ വിഡ്ഢിത്തം. ക്രിയാത്മക കാര്യങ്ങൾക്കായി രൂപപ്പെടുന്ന സവ്ഹൃദങ്ങൾ സൃഷ്ടിപരമാകും. അശുഭകാര്യങ്ങൾക്കായി മെനഞ്ഞെടുത്ത ബന്ധങ്ങൾ ആജീവനാന്ത തടവറയിലേക്കു നയിക്കും. അപരൻറ അന്തകരാകാൻ വിളിച്ചുവരുത്തിയവരായിരിക്കും കാലക്രമത്തിൽ വലിയ ഭീഷണിയാവുക. മറ്റുള്ളവർക്കു കെണിയൊരുക്കുന്ന അതേ സമയത്തുതന്നെ , ഓരോരുത്തരും സ്വന്തം കെണിക്കൂടി തയാറാക്കുകയാണ്.*** ***വിരുന്നുകാരനായി*** *വന്നവൻ വിളൻപുന്ന ഉണക്കപ്പുല്ലും തിന്നു ജീവിക്കേണ്ടി വരുന്നതിനെക്കാൾ തിരിച്ചടി മറ്റെന്താണ്.*

*ബാലു കെ എസ്*

## കടംകഥകൾ

*അകത്ത് തിരിതെറുത്തു, പുറത്ത് മുട്ടയിട്ടു*

*-*

*കുരുമുളക്.*

*അകത്ത് പോയപ്പോൾ പച്ച,*
*പുറത്ത് വന്നപ്പോൾ ചുവപ്പ്*

*-*

*വെറ്റില മുറുക്ക്*

*അകമില്ല പുറമില്ല, ഞെട്ടില്ല വട്ടയില*

*-*

*പപ്പടം*

*അക്കരെ നിൽക്കും കാളക്കുട്ടന്*
*അറുപത്തിരണ്ട് മുടിക്കയറ്*

*-*

*മത്തത്തണ്ട്*

*അക്കരെ നിൽക്കും തുഞ്ചാണി,*

*ഇക്കരെ നിൽക്കും തുഞ്ചാണി,*
*കുട്ടി മുട്ടും തുഞ്ചാണി*

-

കൺപീലി

അങ്ങുകിടക്കണ മത്തൻകാളയെക്കത്തറ
നീണ്ട മുടിക്കയറ്

-

മത്തൻ

അങ്ങുരുണ്ട ഇങ്ങുരുണ്ട
അങ്ങാടിമുറ്റത്തൊന്നുരുണ്ട

-

കുരുമുളക്

അങ്ങേലെ മുത്തീം മുക്കിലിരിക്കും,
ഇങ്ങേലെ മുത്തീം മുക്കിലിരിക്കും

-

ചൂല്

അച്ഛൻ തന്നൊരു ചോറ്റുരുള,
തിന്നിട്ടും തിന്നിട്ടും തീരണില്ല

-

അമ്മിക്കുഴ

അച്ഛൻ മുള്ളൻ,
അമ്മ മിനുമിനു,

*മോൾ മണിമണി*

-

*ചക്ക*

*അടിക്കൊരു വെട്ട്,*
*നടുക്കൊരു വെട്ട്,*
*തലയ്ക്കൊരു ചവിട്ട്*

-

*മെതിക്കൽ*

*അനുജത്തി ചോന്നിട്ട്,*
*ഏട്ടത്തി പച്ചപ്പ്,*
*മൂത്താച്ചി മഞ്ഞച്ച്*

-

*ഇല*

*അവിടെയും വിരിഞ്ഞാടി*
*ഇവിടെയും വിരിഞ്ഞാടി*
*മൂലയിൽ ചാരി വിശ്രമിച്ചു*

-

*ചൂല്*

അമ്മ ഉറക്കത്തിൽ, മകൾ നൃത്തത്തിൽ

-

അമ്മിക്കല്ല്

വീണ എസ് നായർ

*പ്രത്യാശയുടെ ഉയരം*

ഒറ്റക്കാലിൽ, ക്രച്ചസ് ഉപയോഗിച്ച് ആഫ്രിക്കയിലെ ഏറ്റവും വലിയ പർവതമായ കിളിമഞ്ചാരോ കീഴടക്കിയ ആദ്യ മലയാളിയായ ആലുവ സ്വദേശി നീരജിൻ സംഭവബഹുലമായ ജീവിതകഥ

പ്രത്യാശയുടെ ഉയരം

*ജോഷ്ന*

## കാട്ടുപന്നിയും ചില വെടിയൊച്ചകളും

കേൾക്കുന്നില്ലേ ചിരി, കാട്ടുപന്നികൾ ചിരിക്കുകയാണ്. കുടിയേറ്റ മേഖലകളോടു ചേർന്നുള്ള വനങ്ങളിലെ പന്നികൾക്കു ചിരി നിർത്താൻ കഴിയുന്നില്ല. ഇനി ധൈര്യമായി കൃഷിഭൂമിയിലിറങ്ങാം, തിന്നാം, നശിപ്പിക്കാം. കർഷകർക്ക് ഒരു ചുക്കും ചെയ്യാൻ പറ്റില്ല. കൃഷിനാശമുണ്ടാക്കുന്ന പന്നികളെ കർഷകർക്കുതന്നെ വെടിവയ്ക്കാമെന്നുള്ള 2014 ലെ ഉത്തരവ് പന്നികൾ ഇടപെട്ട് ഭേദഗതി ചെയ്തിരിക്കുന്നു. 2014 മോഡൽ വെടി ഇനി നടപ്പില്ല. പോ പന്നീ എന്നു പറഞ്ഞാൽ ഒരു പന്നിയും പോകേണ്ടതില്ല. തോക്കെടുത്ത് ഉന്നംപിടിച്ചാൽ പന്നി പേടിക്കുകയുമില്ല. പകരം, ഇക്കഴിഞ്ഞ ഫെബ്രുവരി 16 ലെ പുതുക്കിയ ഉത്തരവിൽ മാന്തി, ചോദിക്കും

നിങ്ങൾ വനംവകുപ്പിലുള്ളയാളാണോ, പൊലീസാണോ, യൂണിഫോമുള്ള ഏതെൻകിലും സർവീസിൽപെട്ടയാളാണോ.

പോ മോനേ, കർഷകാ, ഇപ്പറഞ്ഞവർക്കെ ഇനി പന്നിയെ വെടിവയ്ക്കാൻ പറ്റൂ. ചീഫ് വൈൽഡ് ലൈഫ് വാർഡൻ്റ അനുമതിമുണ്ടോ, ഡിവിഷനൽ ഫോറസ്റ്റ് ഓഫിസറോ വൈൽഡ് ലൈഫ് ഓഫിസറോ രേഖാമൂലം ചുമതലപ്പെട്ടുത്തിയിട്ടുണ്ടോ ഉണ്ടെഗ്ഗിൽ കാണട്ടെ രേഖ. ഫെബ്രുവരി 16 മുതൽ ഇതൊക്കെ വേണം സാറേ. ചുമ്മാ പേടിപ്പിക്കാൻ നിൽക്കാതെ പോ, പോ ..

ഞാൻ മുലയൂട്ടുന്നവളാണെന്ന് ഒരു പന്നി പറഞ്ഞാൽ വെടിവയ്ക്കുൻ പറ്റില്ല. വെടിക്കാർ വരുംപോൾ ഏതു പന്നിക്കും ചോദിക്കാം, പഞ്ചായത്ത് പ്രസിഡേൻ്റാ കുറഞ്ഞ പക്ഷം പഞ്ചായത്തംഗമോ വന്നിട്ടുണ്ടോ, ഇവരിലൊരാൾ ഇല്ലെൻകിൽ വെടി നടപ്പില്ല സാറേ.

ആക്രമണം മതിയാക്കി കാട്ടിലേക്കു മടങ്ങാൻ പന്നിക്കു സന്മനസ്സുണ്ടായാൽ വെടിവച്ചുകൂടാ എന്നറിയാമല്ലോ. ഇപ്പവരാം എന്നു

പറഞ്ഞു വാലും പൊക്കി ഒരൊറ്റ ഓട്ടം മതി പന്നിക്കു രക്ഷപ്പെടാൻ. പിറകെ ഓടിയാൽ നിയമം പിടിക്കും.

എല്ലാ വ്യവസ്ഥകളും പാലിച്ച്, യൂണിഫോമിട്ട വെടിക്കാരൻ വരുംപോൾ പന്നിക്കു ചോദിക്കാം, 10 ലക്ഷം രൂപയുടെ കൃഷിനാശമുണ്ടെൻകിലേ വെടിവയ്ക്കാനാവൂ. ഗസറ്റഡ് ഓഫിസർ അറ്റസ്റ്റ് ചെയ്ത നഷ്ടക്കണക്ക് കൊണ്ടുവന്നിട്ടുണ്ടോ, സർ ? ഒടുവിൽ, ഉന്നം തെറ്റാതെ ആകാശത്തേക്കൊരു വെടിവച്ച് കർഷകനു മടങ്ങാം, തോക്കിൽകയറി വെടിവയ്ക്കാനുള്ള അവകാശം പന്നികൾക്കു മാത്രമാണെന്നോർക്കുക.

ആശ്വൽ

## പാരിൻ നന്മയ്ക്കത്രേ.......

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.

നിങ്ങൾ സംശയഗ്രസ്തരാകുംപോഴോ ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യമുഖം സങ്കൽപ്പിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെൻകിലും നേട്ടമുണ്ടാകുമോ ?അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെമേൽ എന്തെൻകിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ ?മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ ?

അപ്പോൾ സംശയങ്ങളില്ലാതാവുകയും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.

ഗാന്ധിസാഹിത്യസംഗ്രഹം (അർച്ചന)

## തുടിതാളം തേടി......

നമ്മുടെ മാതാവ്- കൈരളി- പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം -
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെൻകാൽച്ചിലൻക കിലുങ്ങുമാ -
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂകൺഠത്താൽ
പാടിയിരുന്ന പഴക്കഥപ്പാട്ടുകൾ
പാൽക്കുഴംപല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ ( അശ്വിൻ)

## ചെറുശ്ശേരി

ക്രി. വ. പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി. കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിൻറെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ദത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.

ആൽത്തിയ

*നാരായണൻ*

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽപ്പെടുന്ന കുടയത്തൂരിൽ 1940 സപ്തംബർ 26 നു ജനിച്ചു. കൊച്ചരേത്തി യാണ് ആദ്യനോവൽ. ഊരാളിക്കുടി, വന്നല, ആരാണു തോൽക്കുന്നവർ, കഥകൾ-നാരായണൻ എന്നിവയാണ് പ്രധാന കൃതികൾ. ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹത്തിൻറെ രചനകൾ. കൊച്ചേരത്തിക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

നൈനിക

## അർഥങ്ങൾ

ആനന്ദമാടുക – ആനന്ദനൃത്തം ചെയ്യുക
ആയൻ - ഇടയൻ
ആയർ - ഇടയൻമ്മാർ
എഴുക – പൊങ്ങുക
കാഞ്ചി – അരഞ്ഞാൺ
കോലുന്ന – ചെയ്യുന്ന
ചാലേ – ഭംഗിയായി
ചെമ്മേ – വേണ്ടപോലെ
ചേവടി – വണങ്ങാൻ തക്ക പാദം
തിണ്ണം – നന്നായി
ധൂളി – നേരിയ പൊടി
ധേനു – കറവപ്പശു
നണ്ണുക – വിച്ചാരിക്കുക
പാരാതെ – വേഗത്തിൽ
പാരം – വളരെ
പാൽക്കുഴ – പാലുകറക്കുന്ന പാത്രം
പീയുഷം – അമൃത്
പുക്കാൻ - അവൻ പ്രവേശിച്ചു
പൂമാത് – മഹാലക്ഷ്മി
വിലോചനം – കണ്ണ്
ചെമ്മേ - നല്ലതുപോലെ

(അന്ന)

കവിത

*<u>മതിലേരിക്കന്നി</u>*

*തിരുവെഴുത്തുലോലാതു കണ്ടോണ്ടാരെ
കിട്ടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞതല്ലോ കുഞ്ഞിക്കന്നി,
കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ  വേണ്ടത് ഞാനേ
ഓലുണ്ടേരിപൊരിയൻകലത്തില്
ഞാനുണ്ടീപ്പട്ടുരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്ത്തട്ട്  മാള്യേമ്മല്
പൊറുക്കുന്നില്ലച്ചാ പൊറുക്കുന്നില്ലേ
നെഞ്ഞുണ്ടിരുംപൊലച്ചൂളയാവുന്നേ
പതിനേഴും കോപ്പും തല്തേഞ്ഞിറ്റ്*

പതിനെട്ടോടത്താഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെൻകില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ
നാട്ടുവാഴീരുന്നാലേ ഞാനിരിക്കു
നാളത്തേ പുല്ലപ്പലരും കാലം
തിരുവെഴുത്താലോലാതുകാണുന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്നെനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെൻച്ഛൻ
അച്ഛൻകനിവെന്നോട്ടുണ്ടെൻകില്
പടപൊയ്യ താപ്പൂട്ടിവന്നോളാലോ.

(മീനാക്ഷി)

## അഥേ പ്രാർഥന

വസന്തത്തോടർഥിച്ചു വെറുതെയായില്ല, തേന്മ -
വടിമുടി പൂംകുലകളണിഞ്ഞു നിന്നു.
ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു,
പിന്നീടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.
സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ -
രനധ്യായം പഠിപ്പിച്ചതതിനെച്ചുണ്ടി.
വേനൽ ചുഴന്നുതിയൂതിയതിൻ
നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറീ
കൊംപുകളിലായിരം കാക്കകളതിൽപ്പറന്നു വീണു.
ആയിരം കൊച്ചടികളത്തണൽ വിരിയിൽപ്പതിഞ്ഞു
മായികനഗരം പോലത്തോപ്പു ചമഞ്ഞു.
അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ -
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു
എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം
സ്വർല്ലോകത്തിൻ നടയ്ക്കൽ കരഞ്ഞുനിന്നു
പിന്നത്തെ വസന്തത്തോടുമർഥിക്കയായ് ഭഗവാനേ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം.
സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം അയ്യോ,
ദരിദ്രൻറെ മരവിപ്പാണസഹനീയം

തരുണ കെ. എസ്

## *വിഷരഹിത പച്ചക്കറിക്കായി ജീവനി പദ്ധതി*

*വിഷരഹിതമായ പച്ചക്കറി സംസ്ഥാനമാകെ ലഭ്യമാകുന്നതിന് ജീവനി പദ്ധതിയുമായി കൃഷിവകുപ്പ്. സർക്കാരിൻറ വിവിധ മിഷനുകളുടെ മാതൃകയിലുള്ള പദ്ധതി ജനുവരി ഒന്നിനു തുടങ്ങും.*

2021 ലെ വിഷു വരെ തുടരുന്ന പദ്ധതി പൂർത്തിയാവുന്നതോടെ സംസ്ഥാനം പച്ചക്കറി ഉൽപ്പാതനത്തിൽ സ്വയം പര്യാപ്തത നേടുമെന്നു മന്ത്രി നമ്മെ അറിയിക്കുന്നു. നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്നതാണ് മുദ്രാവാക്യം. സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പാക്കുന്ന പദ്ധതിക്ക് ആരോഗ്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണമുണ്ടാകും. ജനുവരി ആദ്യവാരം തൃശൂരിൽ വൈക കൃഷി മേളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 100 പച്ചക്കറി ഇനങ്ങൾ പ്രചരിപ്പിക്കുക എല്ലാ വീട്ടിലും കറിവേപ്പില പപ്പായ മുരിങ്ങ ചീര വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക. 2500 സ്കൂളുകളിലും പൊതു സ്വകാര്യ സാഥാപനങ്ങളിലും പച്ചക്കറിത്തോട്ടം 1200 പച്ചക്കറി ക്ളേസ്റ്ററുകളുടെ രൂപീകരണം 2000 മഴ മറ യൂണിറ്റുകൾ 10,000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ എന്നിവ ജീവനിയുടെ ലക്ഷ്യങ്ങളാണ്.

***(ലിഷ്ന )***